(ബി) ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശരിയായ വിധത്തിൽ നികുതി നിർണ്ണയിക്കുവാനും നികുതി വെട്ടിപ്പ് തടയുന്നതിനും സാധിക്കുന്നു.

(സി) 2002-2003 സാമ്പത്തിക വർഷം ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിലും കട പരിശോധനയിലുമായി 38334 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭൂരിഭാഗം കേസുകളിലും സെക്യൂരിറ്റി ഈടാക്കുകയും മറ്റ് കേസുകളിൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുകയും കോമ്പൗണ്ട് ചെയ്യാനും കേസുകളിൽ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇന്റലിജൻസ് വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർമാർക്കെതിരെ വകുപ്പുതല ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

(ഇ) ആകെ 53 ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല അന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 3 പേർക്കെതിരെയുള്ള ശിക്ഷാനടപടികളിൽ അന്തിമ തീരുമാനമായിട്ടുണ്ട്. ബാക്കിയുള്ളവരുടെ പേരിലുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

## സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ

**9 (*695)** ഡോ. തോമസ് ഐസക് :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കയർ ഉല്പ്പന്നങ്ങളുടെ തോത് എത്ര യാണെന്ന് സർക്കാർ തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ചെറുകിട ഉൽപാദകരുടെ കൈവശം മാർക്കറ്റ് കണ്ടെത്താനാവാതെ കെട്ടിക്കിടക്കുന്ന കയർ ഉൽപ്പന്നങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) കേരള സംസ്ഥാന കയർ കോർപ്പറേഷൻ ഇക്കാര്യത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഡി) ചെറുകിട ഉല്പാദകരിൽ നിന്നും കെട്ടിക്കിടക്കുന്ന കയറുൽപ്പന്നങ്ങൾ സംഭ രിക്കുന്നതിനും വിപണനമേഖല ശക്തമാക്കുന്നതിനും സംസ്ഥാന സർക്കാർ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

(ഇ) കയറുൽപ്പന്നങ്ങൾക്ക് കൂടുതൽ മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള തീവ്ര പരിപാടികൾക്ക് സർക്കാർ രൂപം നൽകുമോ എന്ന് വെളിപ്പെടുത്താമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ചെറുകിട ഉൽപ്പാദകരിൽ നിന്നും കയർ കോർപ്പറേഷൻ നേരിട്ട് കയറുൽപ്പന്നങ്ങൾ വാങ്ങുന്നുണ്ട്. ഇതു കൂടാതെ വിപണി കണ്ടെത്താൻ കഴിയാതെ ചെറുകിട ഉൽപ്പാദകരുടെ കൈവശം ഉണ്ടെന്ന് ഡിസ്ട്രിക് പർച്ചേസ് പദ്ധതി പ്രകാരം അറിയിച്ച 376 ലക്ഷം രൂപയുടെ കയറുൽപ്പന്നങ്ങളിൽ 15-7-2003 വരെ 300 ലക്ഷം രൂപയുടെ പർച്ചേസ് ഓർഡർ കൊടുക്കുകയും അതിൽ 160 ലക്ഷം രൂപയുടെ കയർ ഉൽപ്പന്നങ്ങൾ സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 839 ലക്ഷം രൂപയുടെ ഡിസ്ട്രിക് പർച്ചേസ് പദ്ധതി നടപ്പാക്കി വരുന്നു. ഏഴുകോടി രൂപ റിബേറ്റ് കുടിശ്ശിക തീർക്കുന്നതിനായി നൽകി. കമ്പ്യൂട്ടർ എയ്ഡഡ് ഡിസൈൻ സെന്ററുകൾ സ്ഥാപിക്കാൻ കയർ കോർപ്പറേഷനും 10 മാറ്റ്സ് ആന്റ് മാറ്റിങ്സ് സൊസൈറ്റികൾക്കും ധനസഹായം നൽകി. ചെറുകിട കയറുൽപ്പാദക സൊസൈറ്റികൾക്ക് എം. ഡി. എ. നൽകുന്നുണ്ട്. ചെറുകിട കയറുൽപ്പാദകർക്കായി പൊതു സൗകര്യ സേവനകേന്ദ്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സ്വകാര്യമേഖലയിൽ ഡിഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കാനുള്ള സബ്സിഡിയും മാർജിൻ മണി വായ്പയും അനുവദിക്കാനുള്ള പദ്ധതി നടപ്പിലാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു.

(ഇ) കയർ ഭൂവസ്ത്ര വികസന പരിപാടി, എം. ഡി. എ., നാഷണൽ കയർ റിസേർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ, സ്വകാര്യ സംരംഭകരെ ആകർഷിക്കുന്നതിനുള്ള മാർജിൻ മണി വായ്പ. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള സബ്സിഡി, ചകിരിച്ചോറിൽ നിന്നും ഊർജ ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾക്കുള്ള സബ്സിഡി, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങിയ പദ്ധതികൾ എല്ലാം തന്നെ ഈ ഉദ്ദേശത്തോടു കൂടിയുള്ളതാണ്.

## നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ

10 (*696) ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly